6. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക.

7. ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

8. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന സബ്സിഡികൾ അതാതു വകുപ്പുകൾ തന്നെ വഹിക്കുക.

9. പാഴ്ചെലവുകൾ കർശനമായി തടയുക.

സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുന:സംഘടിപ്പിക്കുവാൻ നിർദ്ദേശം

11 (*41) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ഡോ .എം. എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭജിക്കാനോ പുന:സംഘടിപ്പിക്കാനോ ഉള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പുന:സംഘടന സംബന്ധിച്ച്എസ്.എൻ.സി. ലാവ്ലീൻ കമ്പനി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വൈദ്യുതി ബോർഡ് വിഭജിക്കുവാനുദ്ദേശമില്ല. സർക്കാരിന്റെ വൈദ്യുതി നയത്തിന്റെ അടിസ്ഥാനത്തിൽ പുന:സംഘടനയ്ക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) സർക്കാരിന്റെ വൈദ്യുതി നയത്തിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ വൈദ്യുതി ബോർഡിൽ ഉല്പാദനം, പ്രസരണം, വിതരണം എന്നീ പ്രവർത്തന മേഖലകൾക്ക് പ്രത്യേകം പ്രത്യേകം പ്രോഫിറ്റു സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമേഖലയിലുള്ള ബോർഡിന്റെ ഭാഗമായിത്തന്നെ പ്രവർത്തിക്കുന്നവയാണ് ഈ ലാഭകേന്ദ്രങ്ങൾ. വിതരണ പ്രോഫിറ്റ് സെന്ററിന്റെ കീഴിൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി 3 റീജിയണൽ പ്രോഫിറ്റ് സെന്ററുകൾ ഉണ്ടാവും. ഓരോ പ്രോഫിറ്റ് സെന്ററിന്റേയും നേതൃത്വം ബന്ധപ്പെട്ട ബോർഡ് മെമ്പറിനായിരിക്കും.

(സി) എസ്.എൻ.സി. ലാവലിൻ കമ്പനി നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന് സമർപ്പിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly